# ഡിസ്ട്രിക്റ്റ് റൈഫിൾ അസ്സോസിയേഷൻ ഓഫ് ഇടുക്കി

## വിശേഷാൽ

# പൊതുയോഗം



**23.11.2023**

വ്യാഴം

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| പ്രസിഡന്റ്<br>(EX Officio) | : | ഡിസ്ട്രിക്ട് കളക്ടർ |
| വൈസ് പ്രസിഡന്റ്<br>(EX Officio) | : | ജില്ലാ പോലീസ് സൂപ്രണ്ട് |
| വൈസ് പ്രസിഡന്റ് | : | ശ്രീ. ജോസഫ് റ്റി. സിറിയക് |
| സെക്രട്ടറി | : | ശ്രീ. പ്രിൻസ് മാത്യു |
| ജോ. സെക്രട്ടറി | : | ശ്രീ. ജിൽമോൻ ജോൺ |
| ട്രഷറാർ | : | ശ്രീ. ജൂബി ഐസക് |
| എക്സി. മെമ്പേഴ്സ് | : | ശ്രീ. ഏലിയാസ് തോമസ്<br>ശ്രീ. എം.സി. ജോസഫ് സിജോ<br>ശ്രീ. അജീവ് പി.<br>ശ്രീ. ബിജു പി. ജേക്കബ്<br>അഡ്വ. പി.എസ്. മൈക്കിൾ<br>ശ്രീ. അനൂപ് ആർ<br>ശ്രീ. ശരത് യു. നായർ<br>ശ്രീ. ടോം ജെ. കല്ലറയ്ക്കൽ<br>ശ്രീ. ജീജി മാത്യു<br>ശ്രീ. ജെയിംസ് പി.പി.<br>അഡ്വ. പീറ്റർ വി. ജോസഫ്<br>അഡ്വ. അഗസ്റ്റിൻ മാത്യു<br>ഡോ. ചാൾസ് കെ. തോമസ്<br>ശ്രീ. ജെറി തോമസ് |
| നോമിനേറ്റഡ് | | |
| എക്സി. മെമ്പേഴ്സ്<br>(Platinum Members) | : | ശ്രീ. പി. രഘുനാഥ്<br>ശ്രീ. ലൂക്ക് സ്റ്റീഫൻ<br>ശ്രീ. അശോക് കുമാർ പി<br>ശ്രീ. അഫ്സൽ ജമാൽ<br>ശ്രീ. സജി സിറിയക്<br>ശ്രീ. പുന്നൂസ് ജേക്കബ് |

## നോട്ടീസ്

ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ ഒരു വിശേഷാൽ പൊതുയോഗം 2023 നവംബർ മാസം 23-ാം തീയതി 3.00 p.m.ന് മുട്ടത്തുള്ള റൈഫിൾ ക്ലബ്ബിൽ വെച്ച് ചേരുന്നതാണ്. അംഗങ്ങളുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. എല്ലാ ബഹുമാന്യ അംഗങ്ങളും പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (ക്വാറം തികയാതെ അഡ്ജേൺഡ് പൊതുയോഗം നടത്തേണ്ട സാഹചര്യമുണ്ടായാൽ 2023 നവംബർ മാസം 30-ാം തീയതി 3.00 p.m.ന് മുട്ടത്തുള്ള റൈഫിൾ ക്ലബ്ബിൽ വച്ച് ചേരുന്നതാണ്.)

സെക്രട്ടറി
പ്രിൻസ് മാത്യു

സ്ഥലം : മുട്ടം
തീയ്യതി : 06.11.2023

## കാര്യപരിപാടികൾ

ഈശ്വര പ്രാർത്ഥന

സ്വാഗതം

അദ്ധ്യക്ഷ പ്രസംഗം

അജണ്ടയിന്മേൽ ചർച്ച

പൊതുചർച്ച

കൃതജ്ഞത

## അജണ്ട

1. 24.03.2013 ൽ അധികാരമേറ്റ ഭരണസമിതി 2012-2013 കാലത്തെ ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷനിലെ കണക്ക് ഓഡിറ്റ് ചെയ്യുകയോ പൊതുയോഗം മുമ്പാകെ സമർപ്പിക്കുകയോ ചെയ്യാതെ ആസ്തികൾ മാത്രം കണക്കിൽ കാണിച്ച് ബാദ്ധ്യതകൾ ഏറ്റെടുക്കാതെ നിയമവിരുദ്ധമായി സീറോ ബാലൻസിൽ കണക്കുകൾ ഓഡിറ്റ് ചെയത് ഭരണം നടത്തിയിട്ടുള്ളതും നാളിതുവരെ ടി കണക്കുകൾ പാസ്സാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ടി കണക്കുകൾ പാസ്സാക്കി തുടർ അക്കൗണ്ടിൽ ചേർത്ത് പോകുന്നതിന് പൊതുയോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2. ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ മുൻഭരണസമിതികളിലെ ക്രമക്കേടുകളും ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷൻ കാംപൗണ്ടിൽ പ്രവർത്തിച്ചിരുന്ന ഫുഡ് വില്ലേജ് സംബന്ധിച്ച കേസുകളും സാമ്പത്തിക തർക്കങ്ങളും പരിശോധിക്കുന്നതിനുവേണ്ടി നിയോഗിച്ച സി.എ. ശ്രീ. ജോസ് കാപ്പന്റെ റിപ്പോർട്ടും അതിന്റെ ഭാവി നടപടികളും.

3. ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ മുൻഭരണസമിതി (27.03.2013 മുതൽ 19.07.2023 വരെ) യുടെ ക്രമക്കേടുകൾ സംബന്ധിച്ച സബ് കമ്മിറ്റി കണ്ടെത്തലുകൾക്ക് 9.9.2023 ൽ നൽകിയ വിശദീകരണ നോട്ടീസിനു തിരഞ്ഞെടുക്കപ്പെട്ട മുൻ വൈസ് പ്രസിഡന്റ് ശ്രീ. കെ.കെ. തോമസ്, സെക്രട്ടറി പ്രൊഫ. വി.സി. ജെയിംസ്, ട്രഷറർ ശ്രീ. ജോസഫ് അഗസ്റ്റിൻ എന്നിവർ വിശദീകരണം നൽകാത്തതിനാൽ 16.10.2023 നൽകിയ കത്തിന് പ്രതികരിക്കാത്തതിനാലും 3.11.2023 ൽ ഇവരെ DRAIയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെൻഡ് ചെയ്ത വിഷയം സംബന്ധിച്ച്.

4. 27.03.2013 മുതൽ 19.07.2023 വരെ കാലത്ത് നൽകിയ മെമ്പർഷിപ്പുകളിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.

5. മെമ്പർഷിപ്പ് ഫീസ് പുനർനിർണ്ണയം സംബന്ധിച്ച്.

6. സ്പോർട്ട്സ് ആക്ട് പ്രകാരം അംഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള തർക്കങ്ങളും ആയതിനെ തുടർന്നുണ്ടായ വ്യവഹാരങ്ങളും സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ എന്നിവ സംബന്ധിച്ച്.

7. ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷൻ എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് ഹൈറേഞ്ചിൽ നിന്നും നാല് പ്രതിനിധികളെ ക്ഷണിതാക്കളായി ഉൾപ്പെടുത്തുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്.

8. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് ജില്ലയ്ക്ക് പുറത്തുള്ള നാല് പ്രതിനിധികളെ ക്ഷണിതാക്കളായി ഉൾപ്പെടുത്തുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്.

9. ക്ലബ്ബിലെ ഷൂട്ടിംഗ് റെയ്ഞ്ചുകളുടെ നവീകരണവും പ്രവർത്തന ഫണ്ട് സമാഹരണവും സംബന്ധിച്ച്.

പ്രിയ അംഗങ്ങളെ,

ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ നിലവിലുള്ള അവസ്ഥകളെപ്പറ്റിയും ഇനി എടുക്കേണ്ട തീരുമാനങ്ങളെപ്പറ്റിയും അംഗങ്ങളുടെ ശ്രദ്ധയിൽപെടുത്തുവാൻ ചില വസ്തുതകൾ താഴെ സൂചിപ്പിക്കുന്നു.

24.03.2013 മുതലുള്ള ഭരണസമിതിയുടെ കാലത്ത് അവർ പ്രസിദ്ധീകരിച്ച കണക്കിൽ നിന്നും 2013-2014 ൽ 54,86,130.00 രൂപ, 2014 -2015 ൽ 32,46,897.00 രൂപ, 2015-2016 ൽ 33,65,169.00 രൂപ, 2016-2017 ൽ 27,96,606.00 2017-2018 ൽ 19,85,162.00 2018-2019 ൽ 16,61,885.00 2019-2020 ൽ 51,76,419.00 രൂപ 20120-2021 ൽ 6,59,419.00 രൂപ 2021-2022 ൽ 18,33,064.00 രൂപ 2022-2023 ൽ 33,03,757.00 രൂപ 2023 ൽ അധികാരം കൈമാറുന്നതുവരെ 4,90,374.00 രൂപ ഉൾപ്പെടെ ആകെ 3,00,05192 രൂപ ലഭിച്ചിട്ടും ക്ലബ്ബിന്റെ മുൻ കടബാധ്യതകൾ തീർക്കുകയോ പൂന്തോട്ടവും പുൽത്തകിടിയും സംരക്ഷിക്കാതെയും ഷൂട്ടിംഗ് റെയ്ഞ്ചുകൾ മെയിന്റനൻസ് നടത്താതെയും പ്രവർത്തനരഹിതമായി ഇട്ടിരിക്കുകയാണ്. പുതിയ തോക്കുകൾ വാങ്ങുകയോ ഷൂട്ടിംഗ് റെയ്ഞ്ചുകൾ ആധുനികവൽക്കരിക്കുകയോ ചെയ്തിട്ടില്ല. 2012-13 വരെ വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ക്ലബ്ബിന്റെ കാന്റീനും, അതുപോലെ സിനിമാതാരങ്ങളുൾപ്പടെ ഉന്നതവ്യക്തികൾ താമസത്തിനായി തെരഞ്ഞെടുത്തിരുന്ന ക്ലബ്ബിന്റെ മുറികളും സമയാസമയങ്ങളിൽ മെയിന്റനൻസ് നടത്താതെയും നവീകരിക്കാതെയും വളരെ മോശമായ നിലയിലാണുള്ളത്.

പ്രൊഫ. വി.സി. ജെയിംസിന്റെ ഭരണസമിതിയുടെ കാലത്ത് 3 കോടിയിൽപ്പരം രൂപ വരവുണ്ടായിട്ടും ആകെ 40 ലക്ഷം രൂപയ്ക്കുള്ള ആസ്തികൾ മാത്രമെ ക്ലബ്ബിൽ മുതൽ കൂടിയിട്ടുള്ളു എന്നാണ് അവർ പ്രസിദ്ധീകരിച്ച കണക്കുകൾ വ്യക്തമാക്കുന്നത്.

2004 മുതൽ 24.03. 2013 വരെയുള്ള ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ ഭരണസമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങളും 2013 മുതലുള്ള ഭരണസമിതികൾ സംബന്ധിച്ച ആക്ഷേപങ്ങളും കോടതി വ്യവഹാരങ്ങളും നടന്നു വരുന്നത് അംഗങ്ങൾ സോഷ്യൽ മീഡിയായിലൂടെയും പൊതുയോഗങ്ങളിലൂടെയും മറ്റും അറിഞ്ഞിരുന്നല്ലോ. ആയത് സംബന്ധിച്ച് പരിശോധിക്കുവാൻ ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ 03.10.2022ലെ എക്സിക്യൂട്ടീവ് കമ്മറ്റി (പ്രൊഫ. വി.സി. ജെയിംസ് സെക്രട്ടറിയായുള്ള ഭരണസമിതി) തീരുമാനം.

" DRAI യുടെ ആരംഭം മുതലുള്ള കണക്കും മിനിറ്റ്സും പുതിയ ഓഡിറ്റർ മുഖാന്തിരം പരിശോധിക്കണമെന്നും, പരിശോധനയിൽ പ്രിൻസിന്റെ കാലത്ത് ക്രമക്കേടുകൾ കണ്ടെത്തിയാൽ പരിഹരിക്കുവാൻ ടിയാൻ തയ്യാറാകണമെന്നും അതിനുശേഷമുള്ള കണക്കുകളിലും മിനിറ്റ്സിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ Prof. V.C ജെയിംസ് പരിഹരിക്കണമെന്നും പ്രിൻസ് നിർദ്ദേശിക്കുകയും ചെയ്തു."

മേൽ തീരുമാനപ്രകാരം CA ശ്രീ. ജോസ് കാപ്പനെ നിയമിച്ച് അദ്ദേഹം പരിശോധന നടത്തി നൽകിയ റിപ്പോർട്ട് അംഗങ്ങൾക്കിടയിൽ മുമ്പ് വിതരണം ചെയ്തിട്ടുള്ളതുമാണ്.

CA ശ്രീ. ജോസ് കാപ്പന്റെ കണ്ടെത്തലുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് കളക്ടറോടും പോലീസ് സൂപ്രണ്ടിനോടും എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുമെന്ന് 24.12.2022 തീയ്യതിയിലെ അഡ്ജേൺഡ് പൊതുയോഗത്തിൽ മുൻഭരണസമിതി അറിയിച്ചിരുന്നതാണ്. എന്നാൽ യാതൊരു നടപടികളും സ്വീകരിക്കാതെ തിരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. തുടർന്ന് വന്ന ഭരണസമിതി എക്സിക്യൂട്ടീവ് ടി വിഷയം ചർച്ച ചെയ്യുകയും ഒരു സബ് കമ്മിറ്റി രൂപീകരിച്ച് പരിശോധന നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## സബ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ

1. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ നിയമാവലിക്ക് വിരുദ്ധമായി മുൻ ഭരണസമിതി പ്രവർത്തിച്ചിട്ടുള്ളതാണെന്നും ക്വാറമില്ലാതെ മീറ്റിങ്ങുകൾ കൂടുകയും തീരുമാനങ്ങൾ എടുത്ത് നടപ്പാക്കിയിട്ടുള്ളതായി കണ്ടെത്തി.
2. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ 02.04.2013 മുതൽ 25.11.2018 വരെയുള്ള മിനിട്ട്സ് ബുക്കിലെ അഞ്ചാം പേജിൽ ആറാമതായി അക്കമിട്ടിരിക്കുന്ന തീരുമാനത്തിലെ സംഖ്യ എഴുതിയിരിക്കുന്നതിൽ കൃത്രിമം നടത്തിയിട്ടുണ്ട്.
3. ടി മിനിട്ട്സ് ബുക്കിലെ പല മീറ്റിങ്ങുകളുടെയും മിനിറ്റ്സ് അപൂർണ്ണവും അംഗങ്ങൾ ഹാജരായി ഒപ്പിട്ടിട്ടില്ലാത്തതുമാണ്
4. 18.12.2013 ലെ മീറ്റീംഗിൽ സീറോ ബാലൻസിൽ പുതിയ അക്കൗണ്ടിംഗ് ആരംഭിക്കുവാൻ ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ പ്രസിഡണ്ട് അനുമതി നൽകിയതായി പറയുന്നു. എന്നാൽ ആയതിനെ സ്ഥിരീകരിക്കുന്ന യാതൊരു രേഖകളും ലഭ്യമല്ല. മിനിറ്റ്സ് ബുക്കിലെ വരികൾക്കിടയിൽ പ്രസിഡണ്ട് അനുമതി നൽകി എന്നത് കൃത്രിമമായി എഴുതിച്ചേർത്തതാണ്. ടി മീറ്റിംഗിൽ അംഗങ്ങൾ ഹാജരായിരുന്നില്ല.
5. 2017-ൽ കാലാവധി കഴിഞ്ഞ ഭരണസമിതി സ്പോർട്സ് ആക്ട് നടപ്പാക്കാതെ ഇലക്ഷൻ നടത്താൻ ശ്രമിച്ച കാരണത്താൽ കോടതി വ്യവഹാരങ്ങളിലേക്ക് തള്ളിവിട്ടു. ഈ കാലയളവിൽ ബൈലോക്ക് വിപരീതമായി നിലവിലുള്ള കമ്മിറ്റിയെ മാറ്റിനിർത്തി സെക്രട്ടറി ഭരണം സ്വയം ഏറ്റെടുത്തു. അസോസിയേഷൻ സ്പോർട്സ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ലാ എന്ന് കമ്മിറ്റിയുടേതെന്ന വ്യാജ സത്യവാങ്മൂലം കോടതിയിൽ നൽകി. എന്നാൽ അസോസിയേഷൻ സ്പോർട്സ് ആക്ടിന്റെ പരിധിയിൽ വരുന്നതാണെന്ന് ഒന്നര

വർഷത്തിനുശേഷം കോടതി വിധിയുണ്ടാകുകയും ചെയ്തു. ഈ പ്രവൃത്തികളിലൂടെ അസോസിയേഷന് വലിയ ബാദ്ധ്യതകൾ വരുത്തി വയ്ക്കുകയും ഈ കാലയളവിൽ അസോസിയേഷന് കിട്ടിയ വരുമാനം ധൂർത്തടിച്ച് നശിപ്പിച്ചതായി കണ്ടെത്തുകയും ചെയ്തു.

6. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ മെമ്പർഷിപ്പ് തുകയിൽ പല പ്പോഴായി മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ഇത് എക്സിക്യൂട്ടീവിൽ പാസാക്കി മിനിറ്റ്സിൽ രേഖപ്പെടുത്തുകയോ പൊതുയോഗ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ഇതിലൂടെ പല സാമ്പത്തിക ക്രമക്കേടുകളും നടത്തിയതായി കണ്ടെത്തി.

7. 2017 മുതൽ 19 മാസം ഭരണസമിതിയില്ലാതെ ധൂർത്തടിച്ച പണം 2017-18 ലെ കണക്കുകൾ അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ പാസാക്കാതെ പൊതുയോഗത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ കുറെയംഗങ്ങൾ പ്രസിഡന്റിന് പരാതി കൊടുത്തു. അതോടൊപ്പം കോടതിയെ സമീപിച്ച് പൊതുയോഗത്തിലേക്ക് ഒരു ഒബ്സേർവറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടു. ഒബ്സേർവറുടെ സാന്നിധ്യത്തിൽ നടന്ന അഡ്ജേൺഡ് പൊതുയോഗത്തിൽ 2017-18-ലെ കണക്ക് അവതരിപ്പിക്കാതെ 2018-19 മുതലുള്ള കണക്കുകൾ അവതരിപ്പി ക്കുകയാണ് ചെയ്തത്. എന്നാൽ 2017-18 ലെ കണക്ക് ഉൾപ്പടെ അവതരി പ്പിച്ച് പാസായി എന്ന തെറ്റായ മിനിട്സാണ് സെക്രട്ടറിയും തെരഞ്ഞെടു ക്കപ്പെട്ട വൈസ് പ്രസിഡന്റും കോടതിയിൽ സമർപ്പിച്ചത്. അതേസമയം ഒബ്സേർവർ കോടതിയിൽ നൽകിയ റിപ്പോർട്ടിൽ 2018-19, 2019-20, 2020 -21 എന്നീ കാലയളവിലെ കണക്കുകൾ തർക്കങ്ങൾക്ക് വിധേയമായി അവ തരിപ്പിച്ചതായാണ് കോടതിയിൽ റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ഇപ്രകാരം വഞ്ചനാപരമായ ഒരു മിനിട്സ് കോടതിയിൽ സമർപ്പിച്ചതിലൂടെ പ്രൊഫ. വി.സി. ജെയിംസും ശ്രീ. കെ.കെ. തോമസും കുറ്റക്കാരാണെന്ന് കണ്ടെത്തി.

8. സി.എ. ജോസ് കാപ്പൻ ആന്റ് കമ്പനിയുടെ റിപ്പോർട്ടും, മിനിറ്റ്സും. നിയ മാവലിയും പരിശോധിച്ചതിൽ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുമതിയി ല്ലാതെ സെക്രട്ടറിയും ട്രഷററും വൈസ് പ്രസിഡണ്ടും പ്രവർത്തിച്ചതായും ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടത്തിയതായും കണ്ടെത്തി.

9. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ അക്കൗണ്ടിലൂടെ അല്ലാതെ അസോസിയേഷനിലേക്കുള്ള പേയ്മെന്റുകൾ (മെമ്പർഷിപ്പ് സബ്സ്ക്രി പ്ഷൻ, ക്ലബ്ബിന്റെ റൂമുകളുടെ വാടക മുതലായവ) സെക്രട്ടറി വി.സി. ജയിം സിന്റെ പേഴ്സണൽ അക്കൗണ്ടിലൂടെയും കൈകാര്യം ചെയ്തിരുന്നതായി കണ്ടെത്തി.

10. 2013 മുതൽ 2023വരെയുള്ള കാലത്തെ വരവിലും ചിലവിലും സ്വത്ത് രൂപീകരണത്തിലും പൊരുത്തക്കേടുകളും കണക്കുകളിൽ കൃത്രിമവും കണ്ടെത്തി.

11. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ മെമ്പർഷിപ്പുകൾ നൽകിയതിലെ മെമ്പർ ഫീ വരവും അംഗങ്ങളെ ചേർത്തതും തമ്മിൽ പൊരുത്തക്കേടുകൾ ഉള്ളതായും കണ്ടെത്തി.

12. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ വെപ്പണുകളുടെ ക്രയവിക്രയം സംബന്ധിച്ച രേഖകൾ ഇല്ലാത്തതായും നിയമവിരുദ്ധമായി 4 തോക്കുകൾ വിൽപ്പന നടത്തിയതായും എന്നാൽ ഇതിന്റെ വരുമാനം ക്ലബ്ബിന്റെ അക്കൗണ്ടിൽ ലഭിച്ചതായും കാണുന്നില്ല.

13. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റേതല്ലാത്ത അക്കൗണ്ടുകളിലൂടെ ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷനുവേണ്ടി പണമിടപാടുകൾ നടത്തിയതായി കണ്ടെത്തി.

14. സെക്രട്ടറിയുടെ വ്യക്തിഗത പേരിലുള്ള പർച്ചേസ് ബില്ലുകളുടെ പേയ്മെന്റുകൾ ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ വൗച്ചറിൽ പെടുത്തി സെക്രട്ടറി പണം കൈപ്പറ്റിയിട്ടുണ്ട്.

15. ഹാജരാക്കിയ വൗച്ചറുകളും ആയതിന്റെ പേയ്മെന്റ് തുകയും തമ്മിൽ വലിയ പൊരുത്തക്കേടുകൾ കണ്ടെത്തി.

16. 50 മീറ്റർ ടാർജറ്റിലെ മോട്ടോറുകൾ നഷ്ടപ്പെട്ടതായും കണ്ടെത്തി.

17. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അവതരിപ്പിക്കാതെയും എസ്റ്റിമേറ്റോ മത്സരക്വട്ടേഷനോ ഇല്ലാതെയും ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷനുമായി ബന്ധപ്പെട്ട വലിയതുകയുടെ വേലകൾ ചെയ്തിട്ടുണ്ട്. ടി വേലകൾ സംബന്ധിച്ച് മെഷർമെന്റ് ബുക്കോ കംപ്ലീഷൻ റിപ്പോർട്ടുകളോ സമർപ്പിച്ചിട്ടില്ലാത്തതാണ്. ഇതിലൂടെ വൻ അഴിമതി നടന്നതായി കണ്ടെത്തി.

18. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമില്ലാതെ വലിയ തുകകൾ സെക്രട്ടറിയുടെ വ്യക്തിഗത അക്കൗണ്ടിലേക്കും സെക്രട്ടറിയുമായി ബന്ധപ്പെട്ട ചിലരുടെ അക്കൗണ്ടിലേക്കും ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തതായും കാണുന്നു.

19. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷനിൽ അംഗങ്ങൾ പരിശീലനത്തിനായി നൽകുന്ന അമ്യൂണീഷന്റെ എംപ്റ്റികൾ നിയമപരമായി നശിപ്പിച്ചതിനോ വിറ്റതിനോ യാതൊരു രേഖയുമില്ലാത്തതായി കണ്ടെത്തി.

20. അഞ്ച് തോക്കുകളുടെ മാഗസിൻ കാണാനില്ല എന്നും കണ്ടെത്തി

21. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ നിയമാവലി പ്രകാരമുള്ള മെമ്പർഷിപ്പല്ലാതെ പുതിയ ഇനത്തിലായി 'നോർമൽ' മെമ്പർഷിപ്പ് നൽകി പുതിയ ഐഡി കാർഡുകൾ നൽകിയതായി കണ്ടെത്തി.

22. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ കേരളാ സ്റ്റേറ്റ് റൈഫിൾ അസോസിയേഷനിലാണ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ അസോസിയേഷന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നല്ലാതെ എഴുപതിനായിരം രൂപ വേറെ ഏതോ ബാങ്കിൽ നിന്നും എടുത്ത് കേരള റൈഫിൾ അസോസിയേഷൻ എന്ന വ്യാജ സംഘടനയ്ക്ക് കൊടുത്ത് ഈ അസോസിയേഷനിൽ വരവ് വച്ച് പണം തട്ടിയെടുത്തതായി കണ്ടെത്തി.

23. എല്ലാ വർഷവും ഭീമമായ തുകക്ക് ടാർജറ്റ് മെയിന്റനൻസ് നടത്തിയതായി കണക്കിൽ കാണുന്നു. ആയതിന് സപ്പോർട്ടിംഗായ ക്വട്ടേഷൻ, പ്രവൃത്തി ചെയ്ത ആളുടെ യോഗ്യത, ഏതു തരത്തിലുള്ള വേലകളാണ് എന്നിവ യൊന്നും സ്ഥിരീകരിക്കുന്ന രേഖകൾ കാണുന്നില്ല.

24. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ നടത്തിയ ചാംപ്യൻഷിപ്പുകളുടെ വരവും ചിലവും പരിശോധിച്ചതിൽ ചിലവായ തുകകളുടെ ബില്ലുകളോ വൗച്ചറുകളോ കാണുന്നില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ വലിയ തുകകൾ ചെലവ് ചെയ്തതായി കാണുന്നു. ഈ ചെലവുകളിൽ പലതും വ്യാജമാണ്.

25. ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷൻ എക്സിക്യൂട്ടിവ് കമ്മറ്റി തീരുമാനമില്ലാതെ കാന്റീൻ വാടകയ്ക്ക് നൽകിയതായും ആയതിന് അഡ്വാൻസ് തുക കൈപ്പറ്റിയതായും കാണുന്നു. ടി ഇടപാട് സംബന്ധിച്ച് കാന്റീൻ നടത്തിയവരുമായുള്ള എഗ്രിമെന്റോ വാടക തുക സംബന്ധിച്ച തീരുമാനങ്ങളോ അവർ എന്ന് കാന്റീൻ തുടങ്ങി എപ്പോൾ ഒഴിവായി എന്നത് സംബന്ധിച്ചോ യാതൊരു രേഖകളും കാണുന്നില്ല. ഇതുമൂലം അസോസിയേഷന് വളരെ സാമ്പത്തിക നഷ്ടങ്ങൾ വന്നതായി കണ്ടെത്തി.

അംഗങ്ങളുടെ അറിവിലേക്ക്.

- ഇടുക്കി ജില്ലാ റൈഫിൾ അസ്സോസിയേഷന്റെ പൊതുയോഗത്തിൽ വേണ്ട ക്വാറത്തിന്റെ അഭാവത്താൽ പൊതുയോഗം മാറ്റി വെച്ച് അഡ്ജേൺഡ് പൊതുയോഗത്തിലെ 22 പേരുടെ ക്വാറത്തിലാണ് പല തീരുമാനങ്ങളും ഉണ്ടാകുന്നത്. ആയതിനാൽ ജില്ലയ്ക്കകത്തും പുറത്തുമുള്ള അംഗങ്ങൾ വൈമനസ്യം കാണിക്കാതെ പൊതുയോഗത്തിൽ പങ്കെടുത്ത് അസോസിയേഷൻ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായി മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

- 27.03.2013 മുതൽ 19.04.2023 വരെ (മെമ്പർ നമ്പർ 756 മുതൽ 931 വരെ) അംഗത്വമെടുത്തവർ അവരുടെ ക്ലബ്ബ് ഐ ഡി കാർഡും അവർക്ക് അസോസിയേഷൻ നൽകിയ രസീതുകളും പെയ്മെന്റ് സ്ലിപ്പുകളും ഹാജരാക്കി അംഗത്വ വേരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.
- ലീഗർ ഹയർ നിർദ്ദേശിക്കാത്ത അംഗങ്ങൾ ഇടുക്കി ജില്ലാ റൈഫിൾ അസോസിയേഷനിൽ ബന്ധപ്പെട്ട് എത്രയും വേഗം ക്രമപ്പെടുത്തേണ്ടതാണെന്ന വിവരം അറിയിക്കുന്നു.
- www.draidukki.com എന്ന ഒരു പുതിയ വെബ്സൈറ്റ് തുടങ്ങിയ വിവരം അംഗങ്ങളെ സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രസ്തുത വെബ്സൈറ്റ് നോട്ടീസ് ബോർഡിൽ ക്ലബ്ബിന്റ അംഗങ്ങൾ അറിയേണ്ട കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അതുപോലെ എല്ലാ അംഗങ്ങളുടെയും ഫോട്ടോ സഹിതം ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് പരിശോധിച്ച് ഫോട്ടോ നൽകാത്തവരും അഡ്രസ്സിൽ മാറ്റം വരുത്തേണ്ടവരും draidukki@gmail.com എന്ന മെയിൽ ഐ.ഡി.യിലേക്ക് മെയിൽ അയയ്ക്കേണ്ടതാണ്.
- പൊതുയോഗം സംബന്ധിച്ച് അംഗങ്ങൾക്ക് എന്തെങ്കിലും അഭിപ്രായമോ സംശയമോ ഉണ്ടെങ്കിൽ 19.11.2023 ന് മുമ്പായി അസോസിയേഷനിൽ അറിയിക്കേണ്ടതാണ്.

## സ്റ്റേറ്റ് റൈഫിൾ അസ്സോസിയേഷൻ നോമിനികൾ

1. Er. ജോസഫ് റ്റി. സിറിയക്
2. ശ്രീ. പ്രിൻസ് മാത്യു
3. ശ്രീ. ജിൽമോൻ ജോൺ
4. ശ്രീ. ടോം ജെ. കല്ലറയ്ക്കൽ

## ജില്ലാ സ്പോർട്സ് കൗൺസിൽ നോമിനി

1. അഡ്വ. ഫനീഫ റാവുത്തർ

## ഒളിംപിക് അസോസിയേറ്റ് നോമിനികൾ

1. ശ്രീ. പ്രിൻസ് മാത്യു
2. ശ്രീ. ബിജു പി ജേക്കബ്
3. ശ്രീ. എം.സി. ജോസഫ് സിജോ


# ഭരണസമിതി അംഗങ്ങൾ


വൈസ് പ്രസിഡന്റ്
ശ്രീ. ജോസഫ് റ്റി. സിറിയക്


സെക്രട്ടറി
ശ്രീ. പ്രിൻസ് മാത്യു


ജോ. സെക്രട്ടറി
ശ്രീ. ജിൽമോൻ ജോൺ


ട്രഷറർ
ശ്രീ. ജൂബി ഐസക്


ശ്രീ. ഏലിയാസ് തോമസ്



ശ്രീ. എം.സി. ജോസഫ് സിജോ


ശ്രീ. അജീവ് പി.


ശ്രീ. ബിജു പി. ജേക്കബ്


അഡ്വ. പി.എസ്. മൈക്കിൾ


ശ്രീ. അനൂപ് ആർ


ശ്രീ. ശരത് യു. നായർ



ശ്രീ. ടോം ജെ. കല്ലറയ്ക്കൽ


അഡ്വ.ജീജി മാത്യു



ശ്രീ. ജെയിംസ് പി.പി


അഡ്വ. പീറ്റർ വി. ജോസഫ്


അഡ്വ. അഗസ്റ്റിൻ മാത്യു


ഡോ. ചാൾസ് കെ. തോമസ്


ശ്രീ. ജെറി തോമസ്


ശ്രീ. റ്റി. രഘുനാഥ്


ശ്രീ. ലൂക്ക് സ്റ്റീഫൻ


ശ്രീ. അശോക് കുമാർ പി.


ശ്രീ. അഫ്സൽ ജമാൽ


ശ്രീ. സജി സിറിയക്


ശ്രീ. പുന്നൂസ് ജേക്കബ്

# UNDER CERTIFICATE OF POSTING

To ........................................................................................

........................................................................................

........................................................................................


From
**THE DISTRICT RIFLE ASSOCIATION OF IDUKKI**
**OFFICE AT MUTTOM 11/139/A THODUPUZHA - 685 587**
**Reg. No. I- 676/2004**
**Web. www.draidukki.com   e-mail: draidukki@gmail.com**
**Mob: 9188675094, 04862 - 255094, 256406**